# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No. 47/PR/PIC/PHQ/18                                                    Date : 28.02.2018

---

## ഇൻസ്പെക്ടർ എസ് എച്ച് ഒ സംവിധാനം നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സമിതി രൂപവത്ക്കരിച്ചു

സംസ്ഥാനത്ത് എസ് എച്ച് ഒ മാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയ സ്റ്റേഷനുകളിൽ ഈ സംവിധാനം നടപ്പിലാക്കാനുള്ള പരിമിതികളും പ്രവർത്തനങ്ങളും സംബന്ധിച്ച് പഠിച്ചുനിർദ്ദേശം സമർപ്പിക്കാൻ സമിതി രൂപവത്ക്കരിച്ച് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഉത്തരവായി.

അഡ്മിനിസ്ട്രേഷൻ ഐ ജി പി വിജയൻ ചെയർമാനായ സമിതിയിൽ ആംഡ് പോലീസ് ബറ്റാലിയൻ ഡി ഐ ജി കെ ഷെഫീൻ അഹമ്മദ്, എസ് പി എൻ രാമചന്ദ്രൻ, ശ്രീപത്മനാഭസ്വാമി ക്ഷേത്രം ചീഫ് സെക്യൂരിറ്റി ഓഫീസറും ഡെപ്യൂട്ടി കമ്മീഷണറുമായ വി അജിത് എന്നിവർ അംഗങ്ങളാണ്. മാർച്ച് 15 നകം കമ്മിറ്റി ശുപാർശകൾ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇൻസ്പെക്ടർ എസ് എച്ച് ഒ സംവിധാനം സംബന്ധിച്ച് ഇതുവരെ നൽകിയ നിർദ്ദേശങ്ങൾ പ്രാവർത്തികമായോയെന്നും പരിശോധിക്കുന്നതിനും, നിലവിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും വീഡിയോ കോൺഫറൻസിങ് നടത്തുമെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

*************